പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1502 — 15/6/2012- ൽ മറുപടിയ്ക്ക്

# കോഴിക്കോട് ജില്ലയിലെ അറവുശാലകളും ശ്മശാനങ്ങളും നവീകരിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നവീകരിച്ച അറവുശാലകളും ശ്മശാനങ്ങളും സ്ഥാപിച്ചിട്ടില്ലാത്ത എത്ര പഞ്ചായത്തുകൾ കോഴിക്കോട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കോഴിക്കോട് ജില്ലയിൽ 34 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങളില്ല. അറവുശാല 74 പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടില്ല. |
| (ബി) | അറവുശാലകളിലെ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടാത്തതിനാൽ മലിനീകരണം മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉടലെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (സി) | ബാധകമല്ല. |
| (ഡി) | ശാസ്ത്രീയമായ രീതിയിൽ അറവുശാലകളും ശ്മശാനങ്ങളും നിർമ്മിക്കുന്നതിന് പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | എല്ലാ ഗ്രാമപഞ്ചായത്തുകളും ഒരു ശുചിത്വ പദ്ധതി തയ്യാറാക്കണമെന്നും അതിൽ വൃത്തിയും വെടിപ്പുമുള്ള കശാപ്പുശാലകൾ സ്ഥാപിക്കണമെന്നും 11-ാം പദ്ധതിയുടെ മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചു കൊണ്ട് സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തുകളിൽ നവീന അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശുചിത്വ മിഷനെ |

നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകാ അറവുശാലയുടെ പദ്ധതി രൂപകൽപന ചെയ്ത് നൽകുന്നതിനും ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ നിർമ്മിക്കുന്നതിനും സാങ്കേതിക സഹായം ശുചിത്വ മിഷൻ നൽകുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവുശാലകളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാലകളും പൊതു ശ്മശാനങ്ങളും സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് അറവുശാല നിർമ്മാണത്തിനുവേണ്ടി ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്കും സ്വന്തമായി സ്ഥലമുള്ള ഗ്രാമപഞ്ചായത്തുകളിൽ ശ്മശാന നിർമ്മാണത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്കും ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ